നം.കെ.എസ്.എ.പി.റ്റി.എ.പി.**6.975/16** **തീയതി: 30/08/2016**

വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

**2015-16** സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്**, 1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 12.12.15 മുതൽ 12.08.16വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | **ശ്രീ.വി.കെ. ഷാജി,**<br>ഡെപ്യൂട്ടി ഡയറക്ടർ **(ഹ.ഗ്രേ)** |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 16.08.2016 മുതൽ 27.08.2016 വരെ | ശ്രീ.സജു.ജി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.മഹേഷ് കുമാർ.കെ.ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.മനേഷ് കുമാർ.ജി. സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | ശ്രീ.അരുൺ കുമാർ. പി.ബി. സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. കൃഷ്ണദാസ്.എൻ.വി. ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതിരാജമ്മ പുഷ്പാംഗദൻ | 01.04.2015മുതൽ 31.10.2015 വരെ |
| | ശ്രീ.മണിയാർ രാധാകൃഷ്ണൻ | 12.11.2015മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.കെ.ഗോപി | 01.04.2015മുതൽ 31.03.2016 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ് : 2014-15
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് : 2014-15
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് : 2014-15
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

അനുബന്ധം

5. ബാലൻസ് ഷീറ്റ്- 2014-15
6. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2014-15
7. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2014-15
8. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഉള്ളടക്കം


| ക്രമനമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം**-1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | തനത് വരുമാനം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം**-2** | |
| 13 | ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-1 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-3 |

| | | |
|---|---|---|
| 16 | പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 2-4 |
| 17 | ആവശ്യമായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് നൽകുന്നു | 2-5 |
| 18 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ പോൾട്രി ഫാം പ്രവർത്തിക്കുന്നു | 2-6 |
| 19 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടില്ല | 2-7 |
| 20 | ലേല തുക ഈടാക്കിയതിൽ കുറവ് | 2-8 |
| | ഭാഗം-**3** | |
| 21 | 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന് 5.73 ലക്ഷം രൂപയുടെ വലിയ നഷ്ടം സംഭവിച്ചു. | 3-1 |
| 22 | കുടിവെള്ള പൈപ്പ് ലൈൻ എസ്റ്റിമേറ്റിൽ KWAയ്ക്ക് അധിക നിരക്ക് നൽകി. 6426/- രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3-2 |
| 23 | ബയോടെക്കിന്റെ ബയോഗ്യാസ് പദ്ധതി -സബ്സിഡി തുക ലഭിക്കാത്തതു സംബന്ധിച്ച് | 3-3 |
| 24 | അഗതി-ആശ്രയ പദ്ധതി | 3-4 |
| 25 | തെരുവ് വിളക്കുകളുടെ മീറ്ററിംഗ് നാളിതുവരെ പ്രവർത്തനക്ഷമമായില്ല | 3-5 |
| 26 | പൊതു ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-6 |
| 27 | അംഗനവാടികൾക്ക് കുടിവെള്ള ടാങ്ക് വാങ്ങൽ , പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-7 |
| 28 | ആരോഗ്യ കേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങൽ-നോൺ അവൈലബിലിറ്റി സർട്ടിഫിക്കേറ്റ് ലഭ്യമല്ല | 3-8 |
| 29 | അംഗൻവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നില്ല | 3-9 |
| 30 | ന്യൂട്രിമിക്സ് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-10 |
| 31 | എസ്. എസ്. എ വിഹിതം കൃത്യമായ വിനിയോഗ സർട്ടിഫിക്കറ്റില്ല | 3-11 |
| 32 | പഞ്ചായത്ത് ലൈബ്രറി നാമമാത്രമായ വരിസംഖ്യ ഈടാക്കുന്നു. | 3-12 |
| | ഭാഗം-**4** | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 34 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 42 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

**2015-16**

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 18615000 | 25923543.42 | 7308543 | |
| വരവ് | 104994926 | 54862641 | | 50132285 |
| ആകെ | 104994926 | 54862641.42 | | 50132284.58 |
| ചെലവ് | 30699806 | 70435700 | 39735894 | |
| നീക്കിയിരിപ്പ് | 9290126 | 10350484 | | 1060358 |

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെ

യാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്) |
|---|---|---|
| 2015-16 | 15.05.16 | 04.06.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ വിശദാംശം |
|---|---|---|
| 2015-16 | പരിശോധിച്ചിട്ടില്ല | നൽകിയിട്ടില്ല. |

## 1-4 സാമ്പത്തിക വിശകലനം

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 25923543.42 |
| വരവ് | 54862641 |
| ആകെ | 80786184.42 |
| ചെലവ് | 70435700 |
| നീക്കിയിരിപ്പ് | **10350484.42** |

# 1-5 ഫണ്ട് വിനിയോഗം 2015-16

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3145130 | 11640097 | 14785227 | 9712082 | 5073145 | 65.68 |
| വികസനഫണ്ട് എസ്.സി.പി. | 900678 | 4918678 | 4918678 | 5473040 | -5473040 | 94.05 |
| വികസനഫണ്ട് ടി.എസ്.പി. | 439500 | 634500 | 1074000 | 661705 | - 661705 | 61.61 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 4995218 | 20874000 | 25869218 | 20553833 | 20553833 | 79.45 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 1804297 | 3123000 | 4927297 | 3988057 | 939240 | 80.94 |
| $13^{th}$ CFCഗ്രാന്റ് | 1843115 | 7200768 | 9043883 | 8235893 | 807990 | 91.07 |
| പെർഫോർമൻസ് ഗ്രാന്റ് | 2920039 | 1885539 | 4805578 | 3775996 | 1029582 | 78.58 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 0 | 343122 | 343122 | 340222 | 2900 | 99.15 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1831263 | 6976845 | 8808108 | 5021724 | 3786384 | 57.01 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 199 | 72792004 | 176 | 0 | 53684469 | 23 | 88.44 |

# 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | വർഷം | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 2015-16 | 17 | 5533984 | 16 | 2826590 | 51.08 |
| സേവനം | 2015-16 | 55 | 24610651 | 40 | 11665447 | 47.4 |
| പശ്ചാത്തലം | 2015-16 | 127 | 42647369 | 120 | 39192432 | 91.9 |
| മേഖലാ വിഭജനത്തിൽ ഉൾപ്പെടാത്തവ | 0 | 0 | 0 | 0 | 0 | 0 |
| ആകെ | | **199** | **72792004** | **176** | **53684469** | |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2015-16 | 229 | 1687770 |
| വാർദ്ധക്യകാല പെൻഷൻ | 2015-16 | 1125 | 7747740 |
| വിധവാ പെൻഷൻ | 2015-16 | 735 | 6260520 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2015-16 | 21 | 173200 |
| ശാരീരിക മാനസിക വൈകല്യം | 2015-16 | 735 | 2034010 |
| തൊഴിൽ രഹിത വേതനം | 2015-16 | 41 | 13200 |

# 1-9 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

**2015-16**

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6264474 | 4402065 | 1862409 | |
| നികുതിയേതര വരവുകൾ | 1208513 | 800604 | 268094 | |
| മറ്റ് വരവുകൾ | 518899 | 250805 | 268094 | |
| ആകെ | 7991886 | 5453474 | 2538412 | 68.24 |

മേൽ കണക്കുകൾ പരിശോധിച്ചാൽ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ കാര്യമായ വർദ്ധന ഉണ്ടാകുന്നില്ലന്നു വ്യക്തമാണ്. 32 ശതമാനം കുറവാണ്തനതു വരുമാനത്തിലുള്ളത്. പ്രധാന വരുമാന സ്രോതസ്സുകളായ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിലെ പിരിവ് നാമമാത്രമാണ്. വസ്തുനികുതിയും,തൊഴിൽ നികുതിയും കൃത്യമായി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ‌ാന്തി അധികൃതരുടെ ഭാഗത്തു നിന്നുമുണ്ടാകുന്നില്ല.

വരുമാന വർദ്ധനവിന് ശക്തമായ നടപടികൾ കൈക്കൊള്ളുകയും അതോടൊപ്പംതന്നെ ഈടാക്കാവുന്ന എല്ലാ നികുതികളും കൃത്യമായി ഈടാക്കേണ്ടതുമാണ്. ഉദാഹരണമായി പഞ്ചായത്ത് വസ്തു നികുതിയിൻമേൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ, ചട്ടം **200**, ഉപചട്ടം **(2)** പ്രകാരം, ടി ചട്ടങ്ങൾ, ചട്ടം **207** ഉപവകുപ്പ് **(1)** പ്രകാരം സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. പഞ്ചായത്ത് നൽകുന്ന പ്രധാന സേവനമായ തെരുവു വിളക്കുകളുടെ പരിപാലനത്തിന് **2011**ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ **(**എസ്.ആർ.ഒ നം.**37/2011,** ചട്ടം **27 (**സി**)** പ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതിയുടെ **2** ശതമാനത്തിൽ കുറയാത്ത തുക ഈടാക്കാവുന്നതാണ്.കൂടാതെ ഓഡിറ്റ് നിരന്തരം ആവശ്യപ്പെട്ടിട്ടും ശബരിമലയിലേക്കുള്ള പ്രധാന പാത കടന്നുപോകുന്ന ഈ പഞ്ചായത്തിൽ നാളിതുവരെ പരസ്യ നികുതി ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി തനതു വരുമാന വർദ്ധന ഉറപ്പുവരുത്തേണ്ടതാണ്.

# 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2016-ൽ 11 A.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 10960 രൂപയുടെ കൃത്യത

ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തര നിയന്ത്രണം

വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. മിനിട്സ് ബുക്കുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ ജോലി ചെയ്തിരുന്ന വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ വിവരങ്ങൾ ഇൻകുംബൻസി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാതിരുന്നത് വീഴ്ചയാണ്. ഇൻകുംബൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. കണ്ടിജെന്റ് ബിൽ റജിസ്റ്റർ, വസ്തുനികുതി അസസ്സ്മെന്റ്, ഡിമാന്റ് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. വികസന സെമിനാർ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം ഫലപ്രദമല്ല എന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നു.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.08.2016 | 06/2016,07/2016 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.05.2007 | 1997-98 മുതൽ 2006-07 വരെ | 25.06.07 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 205(ഇ) വകുപ്പ് പ്രകാരം, സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ, നോട്ടീസ് മൂലം, ഓരോ ഓഫീസ് മേധാവിയോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസവും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതും, വിവരങ്ങൾ കൈപ്പറ്റിയാലുടൻ, ആ ആവശ്യത്തിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ടി സ്ഥാപനങ്ങളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതുമാണ്. കൂടാതെ 205എഫ് വകുപ്പ് പ്രകാരം ഓരോ അർദ്ധവർഷവും മെയ് മാസത്തിലും നവംബർ മാസത്തിലും, നോട്ടീസ് മൂലം, ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും, തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തുന്നതിനും അടയ്ക്കുന്നതിനും ആവശ്യപ്പെടേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന്, മേൽ നിർദ്ദേശങ്ങൾ പാലിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, തലച്ചിറ ഏറം | I,II അർദ്ധ വർഷങ്ങൾ |
| 2 | കല്ലോത്ത് ഓട്ടോ ഫ്യൂവൽസ്, വടശ്ശേരിക്കര | I,II അർദ്ധ വർഷങ്ങൾ |
| 3 | വിംറോക്ക് ഗ്രാനൈറ്റ്, വടശ്ശേരിക്കര | I,II അർദ്ധ വർഷങ്ങൾ |
| 4 | ന്യൂ ഇൻഡ്യ ഡ്രൈവിംഗ് സ്കൂൾ, വടശ്ശേരിക്കര | I,II അർദ്ധ വർഷങ്ങൾ |
| 5 | അസിസ്റ്റന്റ് ലേബർ ഓഫീസ്, റാന്നി | I,II അർദ്ധ വർഷങ്ങൾ |
| 6 | KWA പി.എച്ച് സെക്ഷൻ, വടശ്ശേരിക്കര | I,II അർദ്ധ വർഷങ്ങൾ |

| | | |
|---|---|---|
| 7 | പെർഫക്ട് ഡയഗ്നോസ്റ്റിക്സ് സെന്റർ, വടശ്ശേരിക്കര | I,II അർദ്ധ വർഷങ്ങൾ |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് അടിയന്തിരമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ജീവനക്കാരിൽ നിന്ന് ഓരോ അർദ്ധവർഷവും ഈടാക്കേണ്ട പരമാവധി തൊഴിൽ നികുതി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ടായി.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | മാത്യൂ.പി.ഫിലിപ്പ് പി.ഇ.റ്റി ഗുരുകുലം ഹൈസ്കൂൾ ഇടക്കുളം | ഒന്നാം അർദ്ധ വർഷം | 181264 | 1250 | 1000 (Rt.11503101347/20.08.15) | 250 |
| 2 | അൻവർ.ടി.എം അറബിക് ടീച്ചർ DPMUPS, പേഴുംപാറ | രണ്ടാം അർദ്ധ വർഷം | 136369 | 1250 | 1000 (Rt.11503102832/15.02.16) | 250 |
| | ആകെ | | | | | **500** |

തൊഴിൽ നികുതി ഇനത്തിൽ കുറവായി ഈടാക്കിയ തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി പിരിവിന്റെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട തൊഴിൽ നികുതി | |
|---|---|---|---|
| | | Ist Half | 2nd Half |
| 1 | കൊശമറ്റം ഫിനാൻസ്, വടശ്ശേരിക്കര | 1250 | xx |
| 2 | സർവ്വീസ് സഹകരണ ബാങ്ക്, പേഴുംപാറ | 1250 | xx |
| 3 | ചൈതന്യ ആയുർവ്വേദ ഹോസ്പിറ്റൽ | 1250 | xx |
| 4 | കെ.എസ്.ഇ.ബി, വടശ്ശേരിക്കര | 1250 | 1250 |
| 5 | ശബരി ഗ്യാസ് ഏജൻസീസ്, വടശ്ശേരിക്കര | 1250 | 1250 |
| 6 | എസ്.ബി.റ്റി വടശ്ശേരിക്കര | 1250 | 1250 |
| ആകെ | | **7500** | **3750** |

മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## 2-4 പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ

## പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 270, 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപ്പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. വകുപ്പ് 270 A, ചട്ടം നമ്പർ 8 എന്നിവ പ്രകാരം ഇത് ലംഘിക്കുന്ന ഏതൊരാൾക്കും മേൽ 5000/- രൂപ വരെ ആകാവുന്ന പിഴശിക്ഷയും കുറ്റം തുടരുന്ന ഒരോ ദിവസത്തിനും 500/- രൂപ വരെ ആകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. എന്നാൽ ചുവടെ പറയുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങൾ 2015-16വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ചത്.

1. പെർഫക്ട് ഡയഗ്നോസ്റ്റിക്സ് സെന്റർ, വടശ്ശേരിക്കര
2. കോസ്മെറ്റിക് ഡെന്റൽ ക്ലിനിക്ക്, വടശ്ശേരിക്കര
3. ബയോകെയർ ലബോറട്ടറി, വടശ്ശേരിക്കര
4. അനുഗ്രഹ മെഡിക്കൽ ക്ലിനിക്ക് & ലാബ്, വടശ്ശേരിക്കര
5. വിഷ്ണു മെഡിക്കൽ ലബോറട്ടറി, വടശ്ശേരിക്കര
6. ചൈതന്യ ആയുർവ്വേദ ഹോസ്പിറ്റൽ, വടശ്ശേരിക്കര

പാരാ മെഡിക്കൽ സ്ഥാപനങ്ങളെ പൂർണ്ണമായി രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാതിരുന്നതിന് ഓഡിറ്റിൽ വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 19.08.2016 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.09/16) നൽകിയ മറുപടിയിൽ, ടി സ്ഥാപനങ്ങളെ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്വകാര്യ ആശുപത്രികളേയും പാരാമെഡിക്കൽ സ്ഥാപനങ്ങളേയും സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 2-5 ആവശ്യമായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് നൽകുന്നു

2015-16 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ, ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട വിവിധ ക്ലിയറൻസ് സർട്ടിഫിക്കറ്റുകളുടെ അഭാവത്തിലും ചില സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ച് നൽകിയതായി കാണുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേരും മേൽവിലാസവും | സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 1 | ജോൺ കെ വർഗ്ഗീസ്<br>മണലൂർ<br>കമ്പളാംപൊയ്ക | മണലൂർ ചിക്കൻ സെന്റർ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ<br>സർട്ടിഫിക്കറ്റ് ഇല്ല. |
| 2 | ഡോ.രേഖ എസ് ദേവി<br>ചെതന്യ, പെരുമ്പുഴ | ചൈതന്യ ആയുർവ്വേദ<br>ആശുപത്രി | ബയോ മെഡിക്കൽ വേസ്റ്റ് ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവശ്യമായ സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ല. |
| 3 | എബ്രഹാം കെ.എം<br>കല്ലുരേത്ത്, പേഴുംപാറ | ബയോകെയർ ലബോറട്ടറി | ബയോ മെഡിക്കൽ വേസ്റ്റ് ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവശ്യമായ സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ല. |
| 4 | ഡോ.തോമസ് തോമസ്<br>പുളിനിൽക്കുന്നതിൽ<br>തലച്ചിറ | അനുഗ്രഹ മെഡിക്കൽ ക്ലിനിക്ക് | ബയോ മെഡിക്കൽ വേസ്റ്റ് ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവശ്യമായ സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ല. |
| 5 | ഷൈലജ പ്രസാദ്<br>ഈട്ടിയ്ക്കൽ കിഴക്കേതിൽ<br>ചെറുകുളഞ്ഞി | വിഷ്ണു മെഡിക്കൽ ലബോറട്ടറി | ബയോ മെഡിക്കൽ വേസ്റ്റ് ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവശ്യമായ സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ല. |

ഗുരുതരമായ പാരിസ്ഥിതിക, ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുവാൻ ഇടയുള്ള മേൽ സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ഇല്ലാതെ ലൈസൻസ് അനുവദിച്ച് പ്രവർത്തനാനുമതി നൽകിയത് ഗ്രാമപ്പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

പൊതുവായ മറ്റ് അപാകതകൾ

ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതെങ്കിലും ഭൂരിപക്ഷം അപേക്ഷകളിലും വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ഇവർക്ക് മുൻ വർഷങ്ങളിൽ ലൈസൻസ് ഫീസായി ഈടാക്കിയ തുക തുടർന്നും ഈടാക്കുകയാണ് ചെയ്യുന്നത്. ലൈസൻസ് വിതരണവുമായി ബന്ധപ്പെട്ട് അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള അപാകതകൾ അടിയന്തിരമായി പരിഹരിച്ച് ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ പോൾട്രി ഫാം പ്രവർത്തിക്കുന്നു

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 ലെ ഉപചട്ടം 2 പ്രകാരം നൽകുന്ന ലൈവ് സ്റ്റോക്ക് ഫാം ലൈസൽസ് ഇല്ലാതെ പോൾട്രി ഫാം നടത്തുവാൻ പാടില്ലാത്തതാണ്. എന്നാൽ എബിമോൻ.പി.ഓ, വയലിൽ വീട്, ചെറുകളഞ്ഞി എന്ന വ്യക്തി നടത്തുന്ന മോഡേൺ പോൾട്രി ഫാം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് ലൈവ് സ്റ്റോക്ക് ഫാം ലൈസൽസ് ഇല്ലാതെയാണ്. ഡി & ഓ ലൈസൻസ് മാത്രമാണ് ടി സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ലൈവ് സ്റ്റോക്ക് ഫാം ലൈസൽസ് ഇല്ലാതെ പ്രവർത്തിക്കുന്ന പോൾട്രി ഫാമിനെതിരെ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ആറു മൊബൈൽടവറുകളിലെ നാല് ടവറുകളിൽ നിന്ന് വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നുണ്ട്. എന്നാൽ ബാക്കിയുളള രണ്ട് മൊബൈൽടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നു. ജി.ഒ.(ആർ.റ്റി) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരം മൊബൈൽടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്.

നിലവിൽ പ്രവർത്തിച്ചുവരുന്ന ടവറുകളുടെയും അവയ്ക്ക് വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരിക്കുന്ന വസ്തു നികുതിയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നം/ കെട്ടിട നം | ടവറിന്റെ വിവരം | നിർണ്ണയിച്ചിട്ടുള്ള നികുതി |
|---|---|---|---|
| 1 | X/225 | ടവർ വിഷൻ ഇൻഡ്യ | 456/- |
| 2 | XV/415A | ഭാരതി ലിമിറ്റഡ് | 518/- |

മൊബൈൽടവറുകളുടെയും അനുബന്ധ ഡി.ജി. റൂം, ഷെൽറ്റർ എന്നിവയുടെയുംകൂടി പ്ലിന്ത് ഏരിയ അളന്നു തിട്ടപ്പെടുത്തി വസ്തുനികുതി അടിയന്തിരമായി പുനർനിർണ്ണയിക്കുകയും 2013-14 മുതലുള്ള കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

## 2-8 ലേല തുക ഈടാക്കിയതിൽ കുറവ്

2015-16 സാമ്പത്തിക വർഷത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ പബ്ലിക്ക് മാർക്കറ്റിലെ ഓപ്പൺ സ്റ്റാളുകളുടെ ലേലം നടത്തിയപ്പോൾ (17.03.15ലെ ലേലപരസ്യം B3-2002/15)24.03.15 )സ്ഥിരപ്പെടുത്തിയ തുകയിൽ നിന്നും കുറവായിട്ടാണ് ലേല തുക ഈടാക്കിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൾ നമ്പർ | പേര് | ഉറപ്പിച്ച തുക | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | 1 | തോമസ് ചാക്കോ | 8200 | 6200 | 2000 |
| 2 | 2 | തോമസ് ചാക്കോ | 6500 | 5000 | 1500 |
| 3 | 4 | റഫീക്ക് | 6500 | 5000 | 1500 |
| 4 | 5 | അബ്ദുൾ അസീസ് | 8000 | 6500 | 1500 |
| 5 | 6 | ഓമന.കെ.കെ | 6700 | 5200 | 1500 |

| | | | | | |
|---|---|---|---|---|---|
| 6 | 7 | അബ്ദുൾ അസീസ് | 6800 | 6200 | 100 |
| 7 | 8 | രാജീവ് | 9800 | 8300 | 1500 |
| ആകെ | | | | | **9600** |

ലേല തുക കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 19.08.16 ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.08) മറുപടി ലഭ്യമാക്കിയില്ല. ടി തുക വാടകക്കാരിൽ നിന്ന് അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന് 5.73 ലക്ഷം രൂപയുടെ വലിയ നഷ്ടം സംഭവിച്ചു.

2015-16 ൽ ഗ്രാമ പഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department,Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു.ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർമ്മാർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്.CPWD,Analysis of rates-2014,Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate എന്നത് 4753.29/- രൂപയാണ്.PWD, ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin/PLA/1014/2005 സർക്കലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ്.ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/m3 ആണ്. (4753.29x1.4095=6699.76). എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പകരം തറ നിരപ്പാക്കലിനു (Flooring, DSRCode:11.7) നൽകേണ്ട നിരക്കാണ് നൽകിയിരിക്കുന്നത്.

അതായത് എം ക്യൂബിന് 7058.80 രൂപ നിരക്കിലാണ് ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിരിക്കുന്നത് ഇത് അംഗീകരിക്കാനാവില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**For 1:2:4 Concreting (DSR Code:4.1.3)**

**Details of cost for 1 cum**

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| **Labour** | | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |

| | | | | | |
|---|---|---|---|---|---|
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta,40.95% | | | | | 1946.47 |
| **Total** | | | | | **6699.76** |

**For Flooring:(DSR Code:11.7)**

**Details of cost for one m3**

| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item 4.1.3 of DSR ,concrete work | M3 | 1 | 4753.29/m3 | 4753.29 |
| Labour:Extra labour for laying in floors etc | | | | | |
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta,40.95% | | | | | 2050.78 |
| **Total** | | | | | **7058.78** |

ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും Technical Sanction നൽകിയ Ranny Block Division ,Assistant Executive Engineer ടേയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്.

അധിക നിരക്ക് നൽകിയ 81 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം/പേര്/ ഫണ്ടിനം/അടങ്കൽ | കൺവീനറുടെ പേരും വിലാസവും,എം.ബുക്ക് നം | പ്രവൃത്തി മൂല്യം, DD നം/തീയതി | 1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ തുക. (@ 7058.80/ m3) | 1:2:4 കോൺക്രീറ്റിനു നൽകേണ്ട തുക. (@ 6699.76/ m3) | നഷ്ടം |
|---|---|---|---|---|---|---|
| 1 | 72/15-16, ബംഗ്ളാംകടവ് സ്റ്റേഡിയം-പുലിപ്പാറ-വലിയകുളം റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/459000 | P.G മധുസൂതനൻ,പൗർണമി,ചെറുകുളഞ്ഞി, 12/15-16 | 432763/-, 997902/ 18.02.16 | 30.30m3, 213882 | 203003 | 10879 |
| 2 | 42/15-16,ഓലിക്കപ്പാറ ബഥനി കൊട്ടുമൺ റോഡ് ഫുട്പാത്ത് കോൺക്രീറ്റിംങ്ങ് വാർഡ്-1/ | ജിജോ മാത്യു,കുളത്തുങ്കൽ,റാന്നി, 79/15-16 | 187968, 000192/ 21.04.16 | 10.50m3, 74117 | 70347 | 3770 |

| | | | | | | |
|---|---|---|---|---|---|---|
| | ധനകാര്യകമ്മീഷൻ ഗ്രാന്റ്/200000 | | | | | |
| 3 | 66/15-16,കണ്ണൻപാറ താളികല്ലുങ്കൽ റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/400000 | വർഗീസ് C,<br>കണ്ണമ്പാറ,<br>20/15-16 | 376748,<br>997903/<br>18.02.16 | 26.40m3,<br>186352 | 176874 | 9478 |
| 4 | 154/15-16,പള്ളിക്കമുരുപ്പ് സെറ്റിൽമെന്റ് കോളനി റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/200000 | രാജു,തോമ്പുമണ്ണിൽ,കുമരംപേരൂർ<br>28/15-16 | 188106,<br>997909/<br>18.02.16 | 13.162m3,<br>92908 | 88182 | 4726 |
| 5 | 93/15-16,പേഴുംപാറ എസ്.എൻ.ഡി.പി ജംക്ഷൻ ചെന്നാട്ടപ്പടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/100000 | സെബാസ്റ്റ്യൻ,നെച്ചിക്കാട്ടിൽ,പേഴുംപാറ<br>53/15-16 | 93413,<br>000215/<br>22.04.16 | 6.548m3,<br>46221 | 43870 | 2351 |
| 6 | 65/15-16,കുരിശുകവല ആലയ്ക്കൽ പടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/400000 | V.P മാത്യു,<br>വെട്ടിരേത്ത്,<br>31/15-16 | 376536,<br>000205/<br>21.04.16 | 26.37m3,<br>186141 | 176673 | 9468 |
| 7 | 143/15-16,വെള്ളിയറ പടി തെക്കുമല 29 ലിങ്ക് റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/300000 | ശ്യാംകുമാർ,ചരിവുകാലായിൽ,മലയാലപ്പുഴ,ഏറം,<br>40/15-16 | 282968,<br>000202/<br>21.04.16 | 19.80m3,<br>139764 | 132655 | 7109 |
| 8 | 140/15-16,നെല്ലിപ്പാറ പേഴുംകാട്ടിൽ പടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/450000 | സജി,വള്ളിക്കാലായിൽ,മലയാലപ്പുഴ,ഏറം,<br>33/15-16 | 424452,<br>997934/<br>01.03.16 | 29.70m3,<br>209646 | 198983 | 10663 |
| 9 | 156/15-16,ഇടക്കുളം അമ്പലം പടി പുത്തൻ വീട് പടി പതാക്ക് പടി റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/100000 | പ്രഭാകരക്കുറുപ്പ്,പതാലിൽ,ഇടക്കുളം,<br>26/15-16 | 93251,<br>997904/<br>18.02.16 | 6.525m3,<br>46059 | 43716 | 2343 |
| 10 | 121/15-16,അംഗനവാടി ചരിയംപുറം റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/245450 | വർഗീസ്,കൊല്ലകയിൽ,മണിയാർ P.O,<br>17/15-16 | 231519,<br>997892/<br>18.02.16 | 16.20m3,<br>114353 | 108536 | 5817 |
| 11 | 44/15-16,കുളത്തുങ്കൽപടി പാരവേലിൽ പടി റോഡ് കോൺക്രീറ്റിംങ്ങ് -വാർഡ് -2/മെയിന്റനൻസ് ഫണ്ട് (റോഡ്)/375000 | ഭുവനചന്ദ്രനാഥ പണിക്കർ,വലിയകാലായിൽ,ചെറുകുളഞ്ഞി,<br>13/15-16 | 353710,<br>997905/<br>18.02.16 | 24.75m3,<br>174705 | 165819 | 8886 |
| 12 | 98/15-16,ബഥനി ആശ്രമം സ്കൂൾ അംഗൻവാടി പടി റോഡ് നവീകരണം/മെയിന്റനൻസ് ഫണ്ട് (റോഡ്)/200000 | സോമൻ നായർ,ഈറയ്ക്കൽ മലയിൽ,ചെറുകുളഞ്ഞി,റാന്നി,<br>88/15-16 | 187878,<br>000193/<br>21.04.16 | 19.70m3,<br>139058 | 131985 | 7073 |
| 13 | 73/15-16,ബൗണ്ടറി -ഒലികല്ല് അറിഞ്ഞിക്കുഴി എസ്.ടി കോളനി റോഡ് കോൺക്രീറ്റിങ്ങ്/<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്-195000,ലോകബാങ്ക് സഹായം-303000 | അമ്പിളി,പുത്തൻവീട്ടിൽ,ഒളികല്ല്,വടശ്ശേരിക്കര P.O,<br>32/15-16 | 469469,<br>997931/<br>01.03.16 | 32.85m3,<br>231881 | 220087 | 11794 |
| 14 | 68/15-16,കണ്ണൻപാറ ഹരിജൻ കോളനി റോഡ് കോൺക്രീറ്റിങ്ങ്/വികസന ഫണ്ട്(SCP)-300000 | C.P പുരുഷോത്തമൻ,കണ്ണമ്പാറ,<br>38/15-16 | 282968,<br>997929/<br>01.03.16 | 19.80m3,<br>139764 | 132655 | 7109 |
| 15 | 67/15-16,ആശാരിയോത്ത്പടി പള്ളിയേത്തപടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/130000 | യോഹന്നാൻ ഉമ്മൻ,പള്ളിനാതിക്കൽ,വടശ്ശേരിക്കര,<br>37/15-16 | 122191,<br>000213/<br>21.04.16 | 8.55 m3,<br>60353 | 57283 | 3070 |
| 16 | 151/15-16,ബി.എഡ് കോളേജ് പള്ളിക്ക മുരുപ്പ് റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് | സന്തോഷ് കുമാർ P.S,പാത്രൂർ കിഴക്കേതിൽ,ഇടക്കുളം P.O, | 422791,<br>997893/ | 29.58m3,<br>208799 | 198179 | 10620 |

| | | | | | | |
|---|---|---|---|---|---|---|
| | (റോഡ്)/450000 | 25/15-16 | 18.02.16 | | | |
| 17 | 146/15-16,കെ.പി.എം.എസ് ലിങ്ക് റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/50000 | മല്ലികൻ,പുള്ളോലിക്കൽ,മലയാലപ്പുഴ, 52/15-16 | 46947, 000250/ 02.05.16 | 3.285m3, 23188 | 22009 | 1179 |
| 18 | 53/15-16,തലച്ചിറ പൊയ്കയിൽപടി ഏറതെത്ത് പടി മാൻകുഴി പടി ഗവ.എൽ.പി.എസ്. പടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/450000 | ഹരിദാസ്,ചരിവുകാലായിൽ,തലച്ചിറ, 42/15-16 | 424452, 997932/ 01.03.16 | 29.7m3, 209646 | 198983 | 10663 |
| 19 | 153/15-16,പള്ളിക്കമുരുപ്പ് ഗുരുകലം എച്ച.എസ്.റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/200000 | P.T തോമസ്,പറപ്പള്ളിൽ വീട്,ഇടക്കുളം, 22/15-16 | 188091, 997897/ 18.02.16 | 13.16m3, 92894 | 88169 | 4725 |
| 20 | 120/15-16,ടെലിഫോൺ എക്സ്ചേഞ്ച് പടി പൂതകല്ലുങ്കൽ പടി റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/450000 | അനുരാജ് K,കിഴക്കേതിൽ,മണിയാർ, 76/15-16 | 424452, 000199/ 21.04.16 | 29.70m3, 209646 | 198983 | 10663 |
| 21 | 128/15-16,കൊട്ടുമുടി ജം. ആശ്രമം പടി റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/459545 | സത്യാനന്ദൻ,കേളശ്ശേരിൽ,മണിയാർ, 16/15-16 | 433608, 997927/ 01.03.16 | 30.34m3, 214164 | 203271 | 10893 |
| 22 | 52/15-16,ആലയ്ക്കൽപടി കൊമ്പനോലി റോഡ് കോൺക്രീറ്റിംങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/300000 | K.P ജോൺ,കൊച്ചേത്ത്,തലച്ചിറ, 68/15-16 | 281307, 000257/ 02.05.16 | 19.68m3, 138917 | 131851 | 7066 |
| 23 | 145/15-16,നെല്ലിപ്പാറ ബാലവാടി റോഡ് കോൺക്രീറ്റ്/വികസന ഫണ്ട്(SCP)/125000 | മധു S,പാറയ്ക്കൽ,മലയാലപ്പുഴ, 54/15-16 | 117349, 000212/ 21.04.16 | 8.21m3, 57953 | 55005 | 2948 |
| 24 | 139/15-16, നെല്ലിപ്പാറ വിം റോക്ക് റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/450000 | K.K രാജീവ്,രാഹുൽ നിവാസ്,മലയാലപ്പുഴ, 36/15-16 | 424452, 000211/ 21.04.16 | 29.70m3, 209646 | 198983 | 10663 |
| 25 | 144/15-16,തെക്കുമല അമ്പലം വാട്ടർടാങ്ക് പട്ടമന പടി റോഡ് കോൺക്രീറ്റ്/വികസന ഫണ്ട്(SCP)/475000 | തമ്പി K.J,കാവുപറമ്പിൽ,കുമ്പളത്താമണ്ണ് 35/15-16 | 447978, 997937/ 01.03.16 | 31.35m3, 221293 | 210037 | 11256 |
| 26 | 55/15-16,പൂക്കോട്ട്പടി ലക്ഷംവീട് പള്ളിപടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/400000 | സുരേഷ്,ഷീലാ സദനം,തലച്ചിറ, 60/15-16 | 374608, 000175/ 16.04.16 | 26.212m3, 185025 | 175601 | 9424 |
| 27 | 70/15-16,പഞ്ചായത്ത് ഓഫീസ് റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/200000 | അനിയൻ കോശി,താഴത്തില്ലത്ത്,വടശ്ശേരിക്കര, 86/15-16 | 184589, 000254/ 02.05.16 | 24.497m3, 172919 | 164124 | 8795 |
| 28 | 135/15-16,മാർക്കോസ് പടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/300000 | ശാന്തകമാരി,കൃഷ്ണവിലാസം,കുമ്പളത്താമൺ, 15/15-16 | 282945, 997900/ 18.02.16 | 19.80m3, 139764 | 132655 | 7109 |
| 29 | 133/15-16,കുമ്പളത്താമൺ തെക്കേമണ്ണിൽപടി നടപ്പാത റോഡ് കോൺക്രീറ്റിങ്ങ്(സ്വാമി പടി)/മെയിന്റനൻസ് ഫണ്ട് (റോഡ്)/100000 | സ്മിതാ വിജയകമാർ,തെക്കേമണ്ണിൽ,കുമ്പളത്താമൺ, 75/15-16 | 94015, 000171/ 16.04.16 | 5.25m3, 37059 | 35174 | 1885 |
| 30 | 138/15-16,മട്ടക്കമൂട് സബ്സെന്റർപടി റോഡ് കോൺക്രീറ്റിങ്ങ്/വികസന ഫണ്ട്(SCP)/400000 | സതീഷ്,മട്ടക്കമൂട്ടിൽ,കുമ്പളത്താമൺ, 74/15-16 | 377180, 000169/ 16.04.16 | 26.392m3, 186296 | 176820 | 9476 |

| | | | | | | |
|---|---|---|---|---|---|---|
| 31 | 54/15-16,താന്നി നില്ക്കുന്നതിൽ പടി ലിങ്ക് റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/400000 | സോമരാജൻ,തെക്കേമണ്ണിൽ,തലച്ചിറ,<br>84/15-16 | 377187,<br>000256/<br>02.05.16 | 26.393m3,<br>186303 | 176827 | 9476 |
| 32 | 134/15-16,മുക്കുഴി കോടമല അമ്പലം റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/400000 | രജിമോൻ,രഞ്ജു ഭവനം,കുമ്പളത്താമൺ,<br>8/15-16 | 377180,<br>997901/<br>18.02.16 | 26.392m3,<br>186296 | 176820 | 9476 |
| 33 | 142/15-16,തെക്കുംമല വാവോലി കണ്ടം റോഡ് കോൺക്രീറ്റ്/വികസന ഫണ്ട്(SCP)/155000 | അനിതാ രവി,ഓലിയ്ക്കൽ മേമുറിയിൽ,തെക്കുംമല,<br>73/15-16 | 146226,<br>000170/<br>16.04.16 | 10.238m3,<br>72268 | 68592 | 3676 |
| 34 | 137/15-16,മാർക്കോസ് പടി മണലൂർ പടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/200000 | പ്രകാശ്,ശങ്കരമംഗലം,കുമ്പളത്താമൺ,<br>14/15-16 | 188092,<br>997606/<br>02.12.15 | 13.16m3,<br>92894 | 88169 | 4725 |
| 35 | 157/15-16,മൂഴിക്കൽപടി തേവർതോട്ടംപടി റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/300000 | ചാക്കോ,K.A,ഒറ്റപ്ളാക്കൽ,വടശ്ശേരിക്കര,<br>23/15-16 | 282968,<br>997898/<br>18.02.16 | 19.80m3,<br>139764 | 132655 | 7109 |
| 36 | 47/15-16,കോലിഞ്ചിപ്പള്ളി കൊടിഞ്ഞിയിൽ റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/315000 | എബ്രഹാം K.S,കൊടിഞ്ഞിയിൽ,,വടശ്ശേരിക്കര,<br>3/15-16 | 295830,<br>997603/<br>02.12.15 | 20.70m3,<br>146117 | 138685 | 7432 |
| 37 | 71/15-16,വലിയകുളം റേഷൻകടപ്പടി മോതിരവയൽ റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/300000 | E.G മോഹനൻ,ഈട്ടിയ്ക്കൽ തടത്തിൽ,ചെറുകുളഞ്ഞി P.O,വലിയകുളം,<br>2/15-16 | 282968,<br>997605/<br>02.12.15 | 19.80m3,<br>139764 | 132655 | 7109 |
| 38 | 45/15-16,കൈതത്തടം വാളൂർ റോഡ് കോൺക്രീറ്റിംങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/435000 | K.K രാജ്ജു,കാവിൽ പടിഞ്ഞാറ്,ചെറുകുളഞ്ഞി P.O,വലിയകുളം,<br>4/15-16 | 410342,<br>997604/<br>02.12.15 | 28.70m3,<br>202588 | 192283 | 10305 |
| 39 | 46/15-16,ഗവ. എൽ.പി.സ്കൂൾ കുട്ടിമുരുപ്പേൽ റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/150000 | സാരസാക്ഷൻ,കിഴക്കേ പതാലിൽ,ചെറുകുളഞ്ഞി P.O,<br>5/15-16 | 141484,<br>997602/<br>02.12.15 | 9.90m3,<br>69882 | 66328 | 3554 |
| 40 | 59/15-16,ഓലിക്കൽപടി കുന്തിരിക്കൽ പടി റോഡ് കോൺക്രീറ്റിങ്ങ്/വികസന ഫണ്ട്(SCP)/300000 | സുരേഷ് കുമാർ P,ഓലിയ്ക്കൽ വീട്,വടശ്ശേരിക്കര P.O,<br>1/15-16 | 282968,<br>997645/<br>17.12.15 | 19.80m3,<br>139764 | 132655 | 7109 |
| 41 | 101/15-16,മണിയാർ ജംക്ഷൻ എച്ച.എസ്. ഹരിജൻ കോളനി ചെറുതിട്ടപ്പടി റോഡ് കോൺക്രീറ്റിങ്ങ്/വികസന ഫണ്ട്(SCP)/490000 | ബിനു R,ബിനു ഭവൻ,മണിയാർ,<br>62/15-16 | 460466,<br>000214/<br>22.04.16 | 32.22m3,<br>227435 | 215866 | 11569 |
| 42 | 149/15-16,ഇടക്കുളം തോന്നിയോലിക്കൽ ആശാരി പറമ്പിൽ റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/250000 | E.G രാമചന്ദ്രൻ നായർ,ഇടക്കാലായിൽ,ഇടക്കുളം,<br>27/15-16 | 235698,<br>997891/<br>18.02.16 | 16.492m3,<br>116414 | 110492 | 5922 |
| 43 | 92/15-16,ഞൊണ്ടപ്ലാക്കൽ പടി പുളിക്കൽ പടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/400000 | ഫിലിപ്പി G.T,ജീരകത്തിനാൽ,പേഴുംപാറ,<br>57/15-16 | 376219,<br>000207/<br>21.04.16 | 26.325m3,<br>185823 | 176371 | 9452 |
| 44 | 64/15-16,കല്ലുരുമ്പിൽപടി ഫോറസ്റ്റ് സ്റ്റേഷൻപടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/478000 | M.K ജോർജ്,മാണിക്കശ്ശേരി,<br>9/15-16 | 450176,<br>997888/<br>18.02.16 | 31.50m3,<br>222352 | 211042 | 11310 |

| | | | | | | |
|---|---|---|---|---|---|---|
| 45 | 100/15-16,ബൗണ്ടറി ചിറയ്ക്കൽ റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/491000 | വർഗീസ് ചാക്കോ,പുലിപ്രേത്ത്,പേഴുംപാറ,<br>77/15-16 | 463039,<br>000261/<br>02.05.16 | 32.40m3,<br>228705 | 217072 | 11633 |
| 46 | 90/15-16,അമ്പാട്ട്പടി കമ്പിയിൽപ്പടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/400000 | രവീന്ദ്രൻ,അമ്പാട്ട്,പേഴുംപാറ,<br>58/15-16 | 377291,<br>000210/<br>21.04.16 | 26.40m3,<br>186352 | 176874 | 9478 |
| 47 | 95/15-16,ഞൊണ്ടപ്ലാക്കൽ പടി പുത്തൻപറമ്പിൽ പടി ആനക്കൽ പടി റോഡ് കോൺക്രീറ്റിങ്ങ്/വികസന ഫണ്ട്(SCP)/300000 | രാജൻ P.A,പുത്തൻ പറമ്പിൽ,പേഴുംപാറ,<br>56/15-16 | 282983,<br>000206/<br>21.04.16 | 19.80m3,<br>139764 | 132655 | 7109 |
| 48 | 94/15-16,മുല്ലശ്ശേരിൽപടി പള്ളിക്കുന്നേൽ പടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/499950 | അനിൽകുമാർ,തടത്തിൽ പടിഞ്ഞാറ്റേതിൽ,പേഴുംപാറ,<br>70/15-16 | 471613,<br>000262/<br>02.05.16 | 33m3,<br>232940 | 221092 | 11848 |
| 49 | 61/15-16,സെന്റ് ആൻഡ്രൂസ് പള്ളിപ്പടി മുരുപ്പേൽപ്പടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/400000 | രാജി വിജയൻ,മുരുപ്പേൽ വീട്,വടശ്ശേരിക്കര,<br>39/15-16 | 376219,<br>000209/<br>21.04.16 | 26.325m3,<br>185823 | 176371 | 9452 |
| 50 | 84/15-16,മണലേൽപടി മൂശാരിയേത്ത്പടി രമാഭായി സെറ്റിൽമെന്റ് കോളനി പ്ലെയിൻപാറ റോഡ് കോൺക്രീറ്റിങ്ങ്/വികസന ഫണ്ട്(SCP)/265000 | മണി,വാഴക്കാലായിൽ,വടശ്ശേരിക്കര,<br>55/15-16 | 247155,<br>000203/<br>21.04.16 | 17.29m3,<br>122047 | 115839 | 6208 |
| 51 | 81/15-16,തടത്തിലൂഴം ഉണ്ടിയിൽ പടി ഫുട്പാത്ത് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/133000 | ശോശാമ്മ ജോർജ്,ഉണ്ടിയൂഴത്തിൽ,പേഴുംപാറ P.O,<br>85/15-16 | 121805,<br>000255/<br>02.05.16 | 6.58m3,<br>46446 | 44084 | 2362 |
| 52 | 141/15-16,ഐ.പി.സി. ചർച്ച് മാർത്തോമപള്ളി പടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/400000 | ബിജു തങ്കപ്പൻ,മുളയ്ക്കത്തറ,തലച്ചിറ,<br>34/15-16 | 375879,<br>997933/<br>01.03.16 | 26.30m3,<br>185647 | 176204 | 9443 |
| 53 | 43/15-16,കുന്നംപ്പള്ളി പടി മങ്ങാട്ട്മല റോഡ് കോൺക്രീറ്റ് /മെയിന്റനൻസ് ഫണ്ട് (റോഡ്)/366000 | ആന്റണി തോമസ്,വെൺപണിക്കൽ,ചെറുകുളഞ്ഞി,<br>11/15-16 | 345283,<br>997907/<br>18.02.16 | 24.20m3,<br>170823 | 162134 | 8689 |
| 54 | 86/15-16,ചേന്നാട്ടുപടി ചാവടിപ്പടിസ്കൂൾ ഗ്രൗണ്ട് റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/338000 | 51/15-16,ചന്ദ്രിക,കക്കാട്ട്,പേഴുംപാറ. | 318515,<br>000251/<br>02.05.16 | 22.30m3,<br>157411 | 149405 | 8006 |
| 55 | 91/15-16,കോഴികൊത്തിക്കൽ പടി നരി വഞ്ചിയിൽ പടി ഫുട് പാത്ത് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/100000 | ഫിലിപ്പ് സ്കറിയ,നരുവഞ്ചിയിൽ,പേഴുംപാറ,<br>65/15-16 | 94338,<br>000260/<br>02.05.16 | 5.30m3,<br>37412 | 35509 | 1903 |
| 56 | 62/15-16,വാവോലിക്കണ്ടം പേരുംകുന്നിൽതോട്ടം പുളിച്ചിമാന്തടം റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/400000 | ജോർജ് P തോമസ്,പടിഞ്ഞാറേ മണ്ണിൽ,കുമ്പളത്താമൺ P.O<br>10/15-16 | 376184,<br>997890/<br>18.02.16 | 26.32m3,<br>185788 | 176338 | 9450 |
| 57 | 190/15-16,മണ്ണിൽപ്പടി ഉമപുമണ്ണിൽ പടി റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/100000 | കുര്യാക്കോസ് T.T,തോമ്പുമണ്ണിൽ,ഇടക്കുളം,<br>87/15-16 | 93905,<br>000264/<br>02.05.16 | 6.356m3,<br>46381<br>(Cost index 45.71%<br>;7297.16) | 44022<br>(Cost index 45.71%<br>;6926.02) | 2359 |
| 58 | 63/15-16,കലശക്കുഴി-പുളിച്ചിമാന്തടം റോഡ് കോൺക്രീറ്റ്/വികസന ഫണ്ട്(SCP)/498000 | V.K രാധാകൃഷ്ണൻ,വെറ്റക്കൊടിക്കൽ,വടശ്ശേരിക്കര P.O, | 469519,<br>000248/ | 30.40m3,<br>214588 | 203673 | 10915 |

| | | | | | | |
|---|---|---|---|---|---|---|
| | | 91/15-16 | 02.05.16 | | | |
| 59 | 119/15-16,അഞ്ചുമുക്ക് കോട്ടപ്പാറ റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/450000 | സജി ശമുവൽ,മുല്ലത്താനത്ത് ,മണിയാർ P.O,<br>18/15-16 | 424452,<br>997889/<br>18.02.16 | 29.70m3,<br>209646 | 198983 | 10663 |
| 60 | 152/15-16,പള്ളിക്കമുരുപ്പ് പെങ്ങാട്ടക്കടവ് റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/300000 | ചാക്കോ മത്തായി,മുല്ലത്താനത്ത് ,മണിയാർ P.O,<br>19/15-16 | 282968,<br>997895/<br>18.02.16 | 19.80m3,<br>139764 | 132655 | 7109 |
| 61 | 136/15-16,റേഷൻ കട പടി നെല്ലിപ്പാറ റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/200000 | P.O തോമസ്,പന്തളശ്ശേരിൽ,കുമ്പളത്താമൺ,<br>61/15-16 | 188092,<br>000173/<br>16.04.16 | 13.16m3,<br>92894 | 88169 | 4725 |
| 62 | 155/15-16,ഇടക്കുളം കോട്ടപ്പള്ളി പടി കാവിൽ പടി റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/200000 | പരമേശ്വരൻ നായർ K.W,വട്ടമല പടിഞ്ഞാറ്റേതിൽ,ഇടക്കുളം.<br>24/15-16 | 188092,<br>997899/<br>18.02.16 | 13.16m3,<br>92894 | 88169 | 4725 |
| 63 | 132/15-16,മണപ്പാട്ട് പടി അംഗൻവാടി ഒളികല്ല് റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/250000 | അജേഷ് കുമാർ,കുറുന്തോട്ടിക്കൽ,കുമ്പളത്താമൺ,<br>90/15-16 | 235683,<br>000174/<br>16.04.16 | 16.49m3,<br>116400 | 110479 | 5921 |
| 64 | 56/15-16,നിരവേൽ പാറകിവക്കേതിൽ റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/350000 | ബാലൻ N.V,<br>നിരവേൽ വീട്,തലച്ചിറ,ഏറം P.O,<br>6/15-16 | 330189,<br>997644/<br>17.12.15 | 23.119m3<br>163192 | 154892 | 8300 |
| 65 | 57/15-16,അക്കുഡേറ്റ് പടി തോട്ടുങ്കൽപടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/200000 | T.C ജോർജ്,തോട്ടുങ്കൽ,വടശ്ശേരിക്കര P.O,<br>41/15-16 | 188092,<br>000172/<br>16.04.16 | 13.16m3,<br>92894 | 88169 | 4725 |
| 66 | 204/15-16,കുമ്പളാം പൊയ്ക ഒട്ടകല്ല് റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/100000 | സജി മാത്യു,നിറയന്നൂർ,കുമ്പളാംപൊയ്ക,<br>100/15-16 | 93905,<br>000198/<br>21.04.16 | 6.356m3,<br>46381<br>(Cost index 45.71%<br>;7297.16) | 44022<br>(Cost index 45.71%<br>;6926.02) | 2359 |
| 67 | 163/15-16,കുമ്പളാംപൊയ്ക-ഉപ്പകുളം,DR കെട്ട്,കോൺക്രീറ്റ്/വികസനഫണ്ട്(ജനറൽ) /439241 | മാത്യൂ കോശി,മുളവേലിൽ,കുമ്പളാംപൊയ്ക,<br>80/15-16 | 420133,<br>000165/<br>16.04.16 | 8.775m3,<br>61941 | 58790 | 3151 |
| 68 | 150/15-16,വാണിയിടം പെരുമേത്ത് റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/300000 | രവീന്ദ്രൻ നായർ,പെരുമേത്ത്,ഇടക്കുളം<br>49/15-16 | 281307,<br>000164/<br>16.04.16 | 19.68m3,<br>138917 | 131851 | 7066 |
| 69 | 58/15-16,കടമ്മനിട്ട പടി വാഴക്കാമൂല റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/150000 | തോമസ് K.E,കൊച്ചുതാന്നിമൂട്ടിൽ,കുമ്പളാംപൊയ്ക,<br>7/15-16 | 141475,<br>997894/<br>18.02.16 | 9.90m3,<br>69882 | 66328 | 3554 |
| 70 | 89/15-16,പുതുപറമ്പിൽപ്പടി-താന്നിക്കൽപ്പടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/200000 | രതീഷ് V,രാജേഷ് ഭവനം,പേഴുംപാറ P.O,<br>66/15-16 | 188374,<br>000163/<br>16.04.16 | 13.20m3,<br>93176 | 88437 | 4739 |
| 71 | 80/15-16,എം.ആർ.എസ്.പടി ചിറയ്ക്കൽ റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/499950 | ജിജോ വർഗീസ്,വാഴക്കുന്നത്ത്,പേഴുംപാറ P.O,<br>63/15-16 | 471613,<br>000161/<br>16.04.16 | 33m3,<br>232940 | 221092 | 11848 |
| 72 | 79/15-16,ബൗണ്ടറി ആക്കേമൺ വരിക്കോലിൽ പടി ആർ.കെ വിലാസം റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് | അനിൽ കുമാർ,ആർക്ക വിലാസം,വടശ്ശേരിക്കര P.O, | 145229,<br>000166/ | 10.20m3,<br>720000 | 68338 | 3662 |

| | | | | | | |
|---|---|---|---|---|---|---|
| | ഫണ്ട് (റോഡ്)/154000 | 43/15-16 | 16.04.16 | | | |
| 73 | 85/15-16,അതുമ്പനാംകുഴി ഉമ്പുങ്കൽപടി റോഡ് കോൺക്രീറ്റ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/300000 | ഇന്ദിരാ ദേവി,വാല്യമണ്ണിൽ,പേഴുംപാറ 44/15-16 | 282968, 000181/ 20.04.16 | 19.80m3, 139764 | 132655 | 7109 |
| 74 | 162/15-16,തടത്തേൽപ്പടി-താന്നി നിൽക്കുന്നതിൽപടി നടപ്പാത നവീകരണം/വികസന ഫണ്ട്(SCP)/200000 | ചന്ദ്രിക പ്രകാശ്,താന്നി നിൽക്കുന്നതിൽ,കമ്പളാംപൊയ്ക, 95/15-16 | 131390, 000196/ 21.04.16 | 7.03m3, 49623 | 47099 | 2524 |
| 75 | 60/15-16,കടമാൻകുന്ന് ടെമ്പിൾ അരുവിക്കൽ റെഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/400000 | K.S സോമശേഖരൻ നായർ,കൊച്ചുപറമ്പിൽ,വടശ്ശേരിക്കര P.O, 21/15-16 | 376184, | 26.32m3, 185788 | 176338 | 9450 |
| 76 | 88/15-16, 17 ഏക്കർ ഹരിജൻ കോളനി പ്ലാന്റേഷൻ റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/300000 | സാജൻ,മൂലേച്ചാലിൽ, പേഴുംപാറ, 47/15-16 | 282968, 000162/ 16.04.16 | 19.80m3, 139764 | 132655 | 7109 |
| 77 | 87/15-16,പുതുപ്പറമ്പിൽ പടി മണലേൽപടി റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/200000 | ഷാഹുൽ ഹമീദ്,പുതുപറമ്പിൽ,പേഴുംപാറ, 46/15-16 | 188642, 000168/ 16.04.16 | 13.20m3, 93176 | 88437 | 4739 |
| 78 | 164/15-16,വാല്യമണ്ണിൽപ്പടി കലുങ്ക നിർമ്മാണം/വികസന ഫണ്ട്(General)/491000 | വാല്യമണ്ണിൽപ്പടി കലുങ്കനിർമ്മാണം, 67/15-16 | 460407, 000197/ 21.04.16 | 11.25m3, 79412 | 75372 | 4040 |
| 79 | 148/15-16,ചെറുകുളഞ്ഞി ലക്ഷംവീട് കോളനി റോഡ് പുനരുദ്ധാരണം/മെയിന്റനൻസ് ഫണ്ട് (റോഡ്)/269000 | V.S തോമസ്,വലിയപറമ്പിൽ,ചെറുകുളഞ്ഞി P.O,റാന്നി, 96/15-16 | 254773, 000194/ 21.04.16 | 23m3, 162358 | 154094 | 8264 |
| 80 | 72/15-16,ബംഗ്ളാംകടവ് സ്റ്റേഡിയം-പുലിപ്പാറ-വലിയകളം റോഡ് കോൺക്രീറ്റിങ്ങ്/മെയിന്റനൻസ് ഫണ്ട് (റോഡ്)/459000 | മധുസൂതനൻ,പൗർണമി,ചെറുകുളഞ്ഞി. 12/15-16 | 432763, 997902/ 18.02.16 | 30.30m3, 213882 | 203003 | 10879/- |
| 81 | 63/15-16,കലശക്കുഴി-പുളിച്ചിമാന്തടം റോഡ് കോൺക്രീറ്റിങ്ങ്/വികസന ഫണ്ട്(Scp)/498000 | V.K രാധാകൃഷ്ണൻ,വെറ്റക്കൊട്ടിക്കൽ,വടശ്ശേരിക്കര P.O, 91/15-16 | 469519, 000248/ 02.06.16 | 30.40m3, 214588 | 203673 | 10915 |
| | ആകെ | | | | | **573326** |

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടമായ **573326/-** രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും Technical Sanction നൽകിയ Ranny Block Division ,Assistant Executive Engineer ടേയും പക്കൽ നിന്ന് ഈടാക്കി നിയമാനുസൃതം തിരികെ ഒടുക്കേണ്ടതാണ്. **573326/-** രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-2 കുടിവെള്ള പൈപ്പ് ലൈൻ എസ്റ്റിമേറ്റിൽ KWAയ്ക്ക് അധിക നിരക്ക് നൽകി. 6426/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് | 180/15-16,കുടിവെള്ള പൈപ്പ് ലൈൻ |
| നിർവ്വഹണ ഏജൻസി | Kerala Water Authority |
| അടങ്കൽ | വികസനഫണ്ട്(ലോകബാങ്ക്):- 660000/- |
| | തനതു ഫണ്ട് : -85000/- |
| | ആകെ :745000/- |

| | |
|---|---|
| ചെലവഴിച്ചത് | വികസന ഫണ്ട്(ലോകബാങ്ക്):- 574500/-<br><br>DD No:997522/28.10.2015 |

Kerala Water Authority,PH Division, Executive Engineer ടെ 04.06.2015 ലെ DB4-799/15 എസ്റ്റിമേറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ അഞ്ച് സ്ഥലങ്ങളിൽ കടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷനായി 574500/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | പാറയ്ക്കൽ പടി-പുലിപ്രേത്ത് പടി | 40000 |
| 2 | ചെമ്പകത്തിനാൽ പടി-താന്നിയ്ക്കൽ പടി | 75000 |
| 3 | തുമ്പുങ്കൽപടി-പ്ളാന്റേഷൻ പടി | 130000 |
| 4 | പുളിയ്ക്കൽ പടി-താന്നിയ്ക്കൽ പടി | 90000 |
| 5 | അതുമ്പനാംകുഴി- താഴെ കല്ലപ്പടി | 239500 |
| | ആകെ | **574500/-** |

ഇതിൽ അഞ്ചാമത്തെ പ്രവൃത്തിയ്ക്ക് DSR,2014 പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്.

| No | Item | Amount |
|---|---|---|
| 1 | Cost of materials not in DSR 2014 | 72000 |
| 2 | Estimate+Cost Index(53%)<br><br>(As per DSR 2014)<br><br>(88147+46718) | 134865 |
| 3 | Centage Charge(12.5%) | 26508 |
| 4 | Unforeseen item | 927 |
| | **Total** | **239500** |

ഇതിൽ രണ്ടാം ഇനമായ Estimate ന് പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച Cost Index ആയി 53% നൽകിയിരിക്കുന്നു. എന്നാൽ തിരുവനന്തപുരം, PWD,Chief Engineer,Roads, bridges&Administration ന്റെ സർക്കുലർ പ്രകാരം (No.CE/Admin /PLA/1014/2005) പത്തനംതിട്ട ജില്ലയ്ക്ക് അനുവദിക്കേണ്ടത് 45.71 % ആണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Estimate | Cost Index ഉൾപ്പെടെ നൽകിയത്<br><br>(1.53) | Cost Index ഉൾപ്പെടെ നൽകേണ്ടത്<br><br>(1.4571) | വ്യത്യാസം |
|---|---|---|---|
| 88147 | 134865 | 128439 | 6426 |

ഇതു പ്രകാരം 6426/- രൂപ അധികമായി KWA യ്ക്ക നൽകിയിട്ടുണ്ട്. ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

# 3-3 ബയോടെക്കിന്റെ ബയോഗ്യാസ് പദ്ധതി -സബ്സിഡി തുക ലഭിക്കാത്തതു സംബന്ധിച്ച്

ബയോടെക്കിന്റെ സഹായത്തോടെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് 2010 ആഗസ്റ്റ് മാസം 30-ാം തീയതിയാണ് പ്രവർത്തനം തുടങ്ങിയത്. ബയോടെക്കിന്റെ മാർഗ്ഗരേഖയിൽ പദ്ധതിയുടെ സബ്സിഡി നിരക്കിനെക്കുറിച്ച് വ്യക്തമാക്കിയിരുന്നു. കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പ് ,പ്ലാന്റ് നിർമ്മാണത്തിന് ഒരു ഘനമീറ്ററിന് 9500രൂപയും അതിൽ 1200രൂപ സബ്സിഡിയായും നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ബയോഗ്യാസ് പ്ലാന്റിന്റെ കപ്പാസിറ്റി 100ഘന മീറ്ററാണ്. ഇതു പ്രകാരം കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിൽ നിന്ന് സബ്സിഡിയായി ലഭിക്കേണ്ട 120000രൂപ ബയോടെക്ക് പഞ്ചായത്തിന് വാങ്ങി നൽകേണ്ടതാണ്. സബ്സിഡി തുക ലഭിക്കേണ്ട ഗ്രാമപഞ്ചായത്ത്, പണി പൂർത്തീകരിച്ചു എന്ന സത്യവാങ്മൂലം എഴുതി തയ്യാറാക്കി പാരമ്പര്യേതര ഊർജ്ജ വകുപ്പിന് കൈമാറുന്ന

വിവരം ഓർമ്മിപ്പിച്ചുകൊണ്ട് ഊർജ്ജ വകുപ്പ് 2010 ജനുവരി 29ന് 25.04.2008/ബി.ഇ നംമ്പർ കത്ത് ബയോടെക്കിന്റെ ഡയറക്ടർക്കയച്ചു. ഡയറക്ടർ ഈ വിവരം ബിറ്റി/ഡബ്ലിയു റ്റി.പി/10 നംമ്പർ കത്തിലൂടെ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പഞ്ചായത്തിന് അർഹതയുള്ള സബ്സിഡി തുക ലഭിച്ചിട്ടില്ല. സബ്സിഡി തുക നേടിയെടുക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 അഗതി-ആശ്രയ പദ്ധതി- അവലോകനം

2003-04 സാമ്പത്തികവർഷമാണ് അഗതി ആശ്രയ പദ്ധതി ഒന്നാം ഘട്ടം പഞ്ചായത്തിൽ ആവിഷ്കരിച്ചത്.ആസമയത്ത് ചാർജ്ജ് വഹിച്ചിരുന്ന വി.ഇ.ഒ പദ്ധതിയിൽ ക്രമക്കേട് കാണിച്ചതിനാൽ ഒന്നാം ഘട്ടം വിജിലൻസ് അന്വേ ഷണത്തിലാണ്. ആയതിനാൽ ആദ്യകാല വരവു ചെലവു കണക്കുകൾ സംമ്പന്ധിച്ച ഒരു രേഖയും ഈ ഓഫീസിൽ ലഭ്യമല്ല.

ആകെ ഗുണഭോക്താക്കളുടെ എണ്ണം-87

ആകെ വരവ്

| ഫണ്ടിനം | തുക | തീയതി |
|---|---|---|
| പ്ലാൻ ഫണ്ട് | 100000 | 29-03-2012 |
| | 100000 | 20-03-2013 |
| കമ്പ്യൂട്ടർ ഫണ്ട് | 200000 | 29-03-2012 |

ചെലവ്

| | |
|---|---|
| ഭക്ഷണം | 213840( പലിശ സഹിതം) |
| കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, ഫോൺ | 49040 |

നീക്കിയിരുപ്പ്

| | |
|---|---|
| കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, ഫോൺ | 152519 |

<u>അഗതി-ആശ്രയ പദ്ധതി</u>

<u>രണ്ടാം ഘട്ടം</u>

ആശ്രയ രണ്ടാം ഘട്ടത്തിൽ ആകെ 129ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്.

2013-16 ഈപദ്ധതിയുടെ വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വരവ്**.**

| ക്രമ നമ്പർ | ഓപ്പണിംഗ് ബാലൻസ് | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് | പലിശ | ആകെ |
|---|---|---|---|---|---|
| 1 | 0 | 469044 | 2700000 | 69517 | 3238561 |

ചലഞ്ച് ഫണ്ട് ചെലവ്**.**

| ക്രമ നമ്പർ | ഭക്ഷണം | ചികിത്സ | വീട് | ഭൂമി | വീട് പുനരുദ്ധാരണം | കിണർ | കമ്പ്യൂട്ടർ മെയിന്റനൻസ് | ബാങ്ക് ചാർജ്ജ് | വിദ്യാഭ്യാസ സഹായം |
|---|---|---|---|---|---|---|---|---|---|
| 1 | 1117693 (129ഗുണഭോക്താക്കൾ) | 00 | 00 | 00 | 00 | 00 | 00 | | 39000 (13ഗുണഭോക്താക്കൾ) |

പ്ലാൻ ഫണ്ട് ചെലവ്

| ക്രമ നമ്പർ | ഭക്ഷണം | ചികിത്സ | വീട് | ഭൂമി | വീട് പുനരുദ്ധാരണം | കിണർ | സ്വയം തൊഴിൽ | സ്റ്റേഷനറി | വിദ്യാഭ്യാസ സഹായം |
|---|---|---|---|---|---|---|---|---|---|
| 1 | | | | | 650000(26ഗുണഭോക്താക്കൾ) | | 30000(2ഗുണഭോക്താക്കൾ) | 545 | |

| ആകെ വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|
| 3238561 | 1836693 | 1401868 |

31-03-2016ന് ശേഷം നാളിതുവരെ ഒരു രൂപ പോലും ഈ അക്കൗണ്ടിൽ നിന്നും ചെലവഴിച്ചിട്ടില്ല.

വാർഷിക പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് നിർബന്ധമായും ഏറ്റെടുക്കേണ്ട പദ്ധതികളുടെ ഗണത്തിലാണ് സർക്കാർ ആശ്രയ പദ്ധതിയെ ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനുവേണ്ടി മാത്രമായി ആശ്രയ പദ്ധതിക്ക് തുക വകയിരുത്തുകയും, പദ്ധതി നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത അഭിലഷീയമല്ല. ആശ്രയ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ സത്വര നടപടി ഗ്രാമപഞ്ചായത്ത്/സി.ഡി.എസ്. അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 3-5 തെരുവ് വിളക്കുകളുടെ മീറ്ററിംഗ് നാളിതുവരെ പ്രവർത്തനക്ഷമമായില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2013-14 വർഷം തനത് ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി വടശ്ശേരിക്കര സെക്ഷൻ ഓഫീസിൽ 583000 (ചെക്ക് നം. 1161917/07.10.2013) രൂപയും കെ.എസ്.ഇ.ബി റാന്നി സെക്ഷൻ ഓഫീസിൽ 31800 (ഡി.ഡി.നം-694386/17.12.2013) രൂപയും ഒടുക്കിയിട്ടുണ്ട്. ഇതു പ്രകാരം 130മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ 30മീറ്ററുകളിൽ നിന്നുള്ള റീഡിംഗ് മാത്രമേ എടുക്കുന്നുള്ളൂ. . 16.08.2014 മുതലുള്ള താരിഫ് റേറ്റ് പ്രകാരം പ്രതിമാസം 94396 രൂപ തെരുവു വിളക്കുകളുടെ വൈദ്യുത ചാർജായി കെ.എസ്.ഇ.ബി.യിൽ ഒടുക്കുന്നുണ്ട്. ഒരു വർഷം 11 ലക്ഷത്തിലധികം രൂപ ഈയിനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവാകുന്നുണ്ട്. ബാക്കിയുള്ള 100മീറ്ററുകളുടെ റീഡിംഗ് എടുക്കണമെങ്കിൽ ഓരോ മീറ്ററിനും 200രൂപയുടെ മുദ്രപ്പത്രത്തിൽ കരാർ ചമയ്ക്കുകയും അതോടൊപ്പം തന്നെ 50രൂപയുടെ അപേക്ഷാ ഫീസും നൽകേണ്ടതാണ്. ഈയിനത്തിൽ 25000 രൂപ ഗ്രാമപഞ്ചായത്ത് ഇനിയും മുടക്കേണ്ടതുണ്ട്. എന്നാൽ നാളിതുവരെ ടി തുക ഒടുക്കുവരുത്തിയിട്ടില്ല. മീറ്റർ സ്ഥാപിക്കാൻ 614800രൂപ മുടക്കിയതിന്റെ കൂടെ 25000 രൂപ കൂടി മുടക്കാത്തതിനാൽ പ്രതിമാസം തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ വൻ നഷ്ടമാണ് ഗ്രാമപഞ്ചായത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്നത്. എത്രയും വേഗം വൈദ്യുതി വകുപ്പുമായി കരാർ ചമച്ച് തനത് ഫണ്ട് ചോർച്ച തടയേണ്ടതാണ്.

## 3-6 പൊതു ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല.

10/2014 മുതൽ പ്രതിമാസം 120750 രൂപ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നുണ്ട്. ഒരു ടാപ്പിന് ഒരു വർഷം 5250 രൂപ നിരക്കിൽ 276 ടാപ്പുകളുടെ തുകയാണിത്. എന്നാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയുടെ കണക്കിലുള്ള 276 ടാപ്പുകളുടെ കൃത്യത ബോധ്യപ്പെടാതെയാണ് ഈ തുക ഒടുക്കി വരുന്നത്. ഈയിനത്തിൽ ഒരു വർഷം 15 ലക്ഷത്തോളം രൂപ തനത് ഫണ്ടിൽ നിന്നും ചെലവാകുന്നുണ്ട്. അടിയന്തിരമായി സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും- പരിഷ്കരിച്ച മാർഗരേഖ സംബന്ധിച്ച 16.11.2013 ലെ ജി.ഒ.(എം.എസ്.) 362/2013/ ത.സ്വ.ഭ.വ. നം ഉത്തരവിൽ, ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡിക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി (പൊതുവിഭാഗത്തിന് 4000 രൂപയും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 6000 രൂപയും) നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം അർഹതയുള്ള ഉണഭോക്താക്കൾക്ക് ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലൂടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും തനത് ഫണ്ട് ചെലവിൽ കുറവു വരുന്ന തുക ഉപയോഗിച്ച് മറ്റ് വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സാധ്യമാകും. ഈ വിഷയം 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും അധികൃതർ വേണ്ടത്ര ഗൗരവത്തോടെ ഈ വിഷയത്തെ സമീപിച്ചിട്ടില്ല. തനതുഫണ്ടിന്റെ ചോർച്ച സംബന്ധിച്ച ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 അംഗനവാടികൾക്ക് കുടിവെള്ള ടാങ്ക് വാങ്ങൽ , പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നംമ്പർ | 179/16 (ലോക ബാങ്ക് ധനസഹായം) |
| ബിൽ നംമ്പർ/തീയതി | തുക:53060/-നം.34 /16തീയതി:18-03-2016 |

പഞ്ചായത്ത് പരിധിയിൽപ്പെട്ട അംഗനവാടികൾക്ക് കുടിവെള്ള ലഭ്യത ലക്ഷ്യമാക്കി 500ലിറ്റർ കപ്പാസിറ്റിയുള്ള 28 വാട്ടർ വാട്ടർ ടാങ്കുകൾ വാങ്ങുകയുണ്ടായി. ഈ വാട്ടർ ടാങ്കുകളിലേയ്ക്ക് കണക്ഷൻ നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് 22000 രൂപയാണ്. ഇതിൽ നിന്നും ടാങ്കിന്റെ വിലയായ 2724രൂപ കഴിച്ചാൽ 19276രൂപയാണ് ഒരു കണക്ഷന് വേണ്ടി വാട്ടർ അതോറിറ്റിയ്ക്ക് നൽകേണ്ടത്. എന്നാൽ വാട്ടർ അതോറിറ്റിയുടെ അംഗീകൃത പ്ലംബറെക്കൊണ്ട് ഒരു അംഗനവാടിയ്ക്ക് കണക്ഷൻ എടുത്തപ്പോൾ വെറും 9000 രൂപമാത്രമേ ചെലവായിട്ടുള്ളൂ. നാളിതുവരെ ബാക്കിയുള്ള 27 അംഗനവാടികൾക്ക് കണക്ഷൻ നൽകിയിട്ടില്ല. ഈ ടാങ്കുകൾക്ക് കണക്ഷൻ നൽകിയിട്ടില്ലെങ്കിൽ പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിക്കുകയില്ല. ആയതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ആരോഗ്യ കേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങൽ–നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമല്ല.

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം, ആരോഗ്യ കേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകൾ വകുപ്പ് മുഖേന മതിയായ അളവിൽ ലഭ്യമാകുന്നില്ലെങ്കിൽ, ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കേറ്റ് വാങ്ങിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ആരോഗ്യ കേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങി നൽകാവുന്നതാണെന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കേറ്റ് കിട്ടിയതിന് ശേഷം മാത്രമേ മരുന്ന് വാങ്ങലിന് പദ്ധതി തയ്യാറാക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വടശ്ശേരിക്കര പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങിനൽകുന്നതിന് പദ്ധതി തയ്യാറാക്കിയപ്പോൾ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

| പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ S0007/16 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 100,000 (വികസന ഫണ്ട്) | 100,000, (BillNo.13/15-16 dtd 29.02.16) |

ആരോഗ്യ കേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പദ്ധതികൾ രൂപീകരിക്കുന്നതിന് മുൻപ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുകയും വാങ്ങിയ മരുന്നുകൾ യഥാവിധി ഉപയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല</u>

| പദ്ധതിയുടെ പേര് | അടങ്കൽ തുക | മരുന്ന് വാങ്ങുന്നതിന്ചെലവായ തുക |
|---|---|---|
| പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ, S0007/16 | 100,000 (വികസന ഫണ്ട്) | 100,000 (Bill No.13/15-16 /29.02.16) |
| പാലിയേറ്റീവ് കെയർ soo 48/16 | 450000 വികസനഫണ്ട് | 100000(Bill No.14/15-16 /28.03.16) |

2015-16 വർഷം പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ, പാലിയേറ്റീവ് കെയർ പദ്ധതികളുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 200000 രൂപ മരുന്ന് ലഭ്യമാക്കുന്നതിനായി നൽകിയിരുന്നെങ്കിലും നാളിതുവരെ 113351 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത്. തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ നിലയിൽ വീട്ടുകളിൽ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമേകുക എന്ന ലക്ഷ്യത്തോടെയാണ് പാലിയേറ്റീവ് പരിചരണ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. കൂടാതെ നിർധനരായ പൊതു ജനങ്ങൾ ചികിത്സയ്ക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ആരോഗ്യ സ്ഥാപനമാണ് പി.എച്ച്.സി. ഇത്തരത്തിൽ മരുന്നുകൾ യഥാസമയം ലഭിക്കാത്ത സാഹചര്യത്തിൽ, പരിചരണം ആവശ്യമുള്ള രോഗികൾക്ക് ആയത് യഥാസമയം നൽകുന്നതിനും സാധിക്കുന്നില്ല. ഈ വിഷയത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും അടിയന്തിരമായി ഇടപെടേണ്ടതും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-9 <u>അംഗൻവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നില്ല</u>

ഗ്രാമപഞ്ചായത്തിൽ 34 അങ്കണവാടികൾ ഉണ്ട്. അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് ഓഡിറ്റ് എൻക്വയറിക്ക് നൽകിയിരുന്നു(എൻക്വയറി നമ്പർ -14).എന്നാൽ ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വസംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിപ്പിക്കാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ട പ്രകാരമുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടി മാറ്റി പ്രവർത്തിപ്പിക്കണം. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷത്തെയും മാർച്ച് മാസത്തിന്റെ അവസാനം ഐ.സി.ഡി.എസ്.സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എൻജിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മേയ് 30-നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.

മേൽ പറഞ്ഞ നർദ്ദേശങ്ങൾ പാലിക്കാതിരുന്നത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ന്യൂട്രിമിക്സ് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉദ്പാദിപ്പിച്ച് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ടു മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ സാമൂഹ്യനീതി ഡയറക്ടർ ലെറ്റർ നമ്പർ 3-312/2010, 18.12.2010 പ്രകാരം ശിശുവികസന ഓഫീസർമാർക്കും, പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നല്കിയിരുന്നു. ഗുണനിലവാരമില്ലാത്ത ഭക്ഷ്യമിശ്രിതത്തിന്റെ വിതരണം തടയുന്നതിനായി സ്വീകരിച്ചതാണ് പ്രസ്തുത നടപടി. എന്നാൽ ഓഡിറ്റ് കാലയളവിൽ ന്യൂട്രിമിക്സിന്റെ ലാബ് ടെസ്റ്റ് നടത്തിയിട്ടില്ല. ഗുണനിലവാരമുളള ഭക്ഷ്യമിശ്രിതങ്ങൾ മാത്രമേ വിതരണം നടത്തുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിന് റിപ്പോർട്ടിന്റെ അഭാവത്തിൽ സാധ്യമല്ല. വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുളള നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്.

## 3-11 എസ്. എസ്. എ വിഹിതം കൃത്യമായ വിനിയോഗ സർട്ടിഫിക്കറ്റില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | soo0 1/16 |
| ബിൽ നമ്പർ/തീയതി | 4/15-16 തീയതി16-9-2015 |
| ചെലവ് | 500000/രൂപ. |
| നിർവഹണം | ഹെഡ് മിസ്ട്രസ് |

2015-16 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ സമഗ്രവികസനത്തിനായി എസ്.എസ്. എ.യ്ക്ക് നൽകിയ 500000രൂപ മൊത്തമായും വിനിയോഗിച്ചു എന്ന റിപ്പോർട്ടാണ് എസ്.എസ്.എ അധികൃതർ നൽകിയത്. എന്നാൽ അവരുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട സ്കൂളുകളിൽ നടപ്പാക്കി എന്ന് ഉറപ്പാക്കാൻ ഈ വിനിയോഗ സാക്ഷ്യപത്രപ്രകാരം സാധ്യമല്ല. ആയതിനാൽ ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചതെന്ന കൃത്യമായ വിവരം പണം നൽകിയഏജൻസി എന്നനിലയ്ക്ക് ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും, ആയത് സംബന്ധിച്ച് കൃത്യമായ ഇനം തിരിച്ചുള്ള കൃത്യമായ വിനിയോഗ വിവരം ലഭ്യമാക്കാൻ എസ്. എസ്. എ യ്ക്ക് നിർദ്ദേശം നൽകുവാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-12 പഞ്ചായത്ത് ലൈബ്രറി നാമ മാത്രമായ വരിസംഖ്യ ഈടാക്കുന്നു.

ഗ്രാമപഞ്ചായത്ത് ലൈബ്രറിയിൽ ആകെ 243 അംഗങ്ങളാണ് നിലവിലുള്ളത്.ഇതിൽ മൂന്ന് പേർ എ ക്ലാസിലും, 242പേർ ബി ക്ലാസിലും, ഉൾപ്പെടുന്നു. സി ക്ലാസ്സിൽ നിലവിൽ അംഗങ്ങളില്ല.

ഇവരിൽ നിന്ന് വളരെ തുഛമായ ഡെപ്പോസിറ്റും മാസവരിയുമാണ് ഈടാക്കുന്നത്. നിലവിലെ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്ലാസ്സ് | എണ്ണം | ഡെപ്പോസിറ്റ് (രൂപയിൽ ) | മാസവരി (രൂപയിൽ ) |
|---|---|---|---|
| എ | മൂന്ന് | 250 | ഇല്ല |
| ബി | 242 | 10 | 3 |
| സി | ഇല്ല | | |

മേൽ സൂചിപ്പിച്ച മാസവരി പരിശോധിച്ചാൽ ഇത് തുലോം കുറവാണെന്ന് കാണാം. ഈ തുക വർദ്ധിപ്പിക്കേണ്ടതാണ്. ലൈബ്രേറിയന്റെ അഭിപ്രായ പ്രകാരം എ ക്ലാസുകാർക്ക് 1000രൂപ ഡെപ്പോസിറ്റും, ബി ക്ലാസ്സുകാർക്ക് 50 രൂപ ഡെപ്പോസിറ്റും 10രൂപ മാസവരിയും എന്നിങ്ങനെ തുക ഉയർത്തേണ്ടതാണ്.

ഏകദേശം 3381പുസ്തകങ്ങൾ മാത്രമുള്ള പഞ്ചായത്ത് ലൈബ്രറിയിൽ കഴിഞ്ഞ ഏഴ് വർഷമായി ഒരു പുസ്തകം പോലും വാങ്ങി നൽകിയിട്ടില്ല എന്നത് പഞ്ചായത്തധികൃതർ കാട്ടുന്ന അവഗണനയുടെ ഉദാഹരണമാണ്. ഇതേയവസരത്തിൽ പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമീണ വായനശാലകൾക്ക് നിരവധി തവണ പുസ്തകങ്ങൾ വാങ്ങി നൽകിയതും കൂട്ടിവായിക്കേണ്ടതാണ്. 2016-17സാമ്പത്തിക വർഷം 2ലക്ഷം രൂപ പുസ്തകങ്ങൾ വാങ്ങുന്നതിന് വകയിരുത്തിയിട്ടുണ്ട്.എന്നാൽ റഫറൻസ് ഗ്രന്ഥങ്ങൾ അടക്കം തേടിയെത്തുന്ന നിരവധി പുസ്തകാന്വേഷികൾ ഉള്ള ഈ ഗ്രന്ഥശാലയ്ക്ക് 2ലക്ഷം രൂപ വകയിരുത്തിയത് അപര്യാപ്തമാണ്. ചുരുങ്ങിയത് 5ലക്ഷം രൂപയെങ്കിലും വകയിരുത്തേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

ഇല്ല

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| കെ.ഡബ്ല്യു.എ | ഫോറിൻപടി കുടിവെള്ള പദ്ധതി, | ഡി.ഡി.നമ്പർ.123249/02.11.15<br>ഡി.ഡി.നമ്പർ.997521/28.10.15 | 515000 | പൂർത്തീകരിച്ചില്ല. |
| കെ.ഡബ്ല്യു.എ | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | ഡി.ഡി.നമ്പർ.997522/28.10.15 | 574500 | പൂർത്തീകരിച്ചില്ല. |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ഡി.ഡി.നമ്പർ.997835/05.02.16 | 87200 | പൂർത്തീകരിച്ചു. |

2014-15സാമ്പത്തികവർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുക ഒടുക്കിയിട്ടുണ്ട്.എന്നാൽ നാളിതുവരെ ഒരു പ്രവൃത്തിപോലും പൂർത്തീകരിച്ചിട്ടില്ല.ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ഒടുക്കുവരുത്തുമ്പോൾ പണി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് എഗ്രിമെന്റ് വെയ്ക്കേണ്ടതും ആയത് സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ പിഴ ഈടാക്കേണ്ടതുമാണ് .എന്നാൽ ഇവിടെ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവയുമായി കരാർ ചമച്ചിട്ടില്ല.ആയതിനാൽ ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയില്ല.പ്രസ്തുത നിർവ്വഹണ ഏജൻസികളുമായി നിരന്തര സമ്പർക്കം പുലർത്തി പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ സ്ഥിരനിക്ഷേപമില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ സ്ഥിരനിക്ഷേപമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003. | 2-14 | 2007-08 | 3.16.1 | വി.ഇ.ഒ.ധനസഹായ വിതരണ മേഖലകളിൽ കൃത്രിമം കാണിച്ചു. | നിയമ നടപടി സ്വീകരിച്ചു തുക അടച്ചു. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

| **(എ)** സംക്ഷിപ്ത വിവരം | | വർഷം<br>**2015-16** |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | : | **80786184.42** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | **70435700** |
| വരവിനങ്ങളിലെ നഷ്ടം<br>വരവിനങ്ങളില്ലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളില്ലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | **573326** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല. |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 573326 | ശ്രീമതി.റ്റി.സി.അമ്മിണിക്കുട്ടി<br>അസിസ്റ്റന്റ് എൻജിനീയർ (286663/- രൂപ)<br>ശ്രീമതിഎംഎസ്.ലത.<br>അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എൻജിനീയർ (286663/- രൂപ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി റ്റി.സി.അമ്മിണിക്കുട്ടി<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ<br>വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് | പാണംപാലാവിൽ<br>പുതിയകാവിൽ<br>പറക്കോട്,അടൂർ |
| ശ്രീമതിഎം.എസ്.ലത<br>അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എൻജിനീയർ | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എൻജിനീയർ<br>ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | മാരേത്ത് തെക്കേ വീട്ടിൽ,പുതുശ്ശേരി.പി.ഒ, തിരുവല്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് .

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി.6/1039/2011 തീയതി. 25-11- 2009 | 9 |
| 1996-97 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.5/747/2008 തീയതി 11-01-2010 | 4 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.3/651/1997 തീയതി.09-10-2000 | |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.5/748/2008 തീയതി.11-01-2008 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.3/534/1998 തീയതി.26-02-2009 | |
| 1997-98 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.3/575/1999 തീയതി.02-02-2000 | |
| 1998-99(വരവ്) | എൽ.എഫ്.പി.റ്റി.എ.പി. 5/462/2009 തീയതി.11-05-2010/04-11-2011 | 2 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.3/213/2000 തീയതി.14-112000 | 18 |
| 1999-00(വരവ്) | എൽ.എഫ്.പി.റ്റി.എ.പി.5/751/2009 തീയതി.11-01-2010 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി. 4/243/2003 തീയതി.03-02-2003 | |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.4/446/2005 തീയതി.01-10-2005 | |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.4/648/2003 തീയതി.14-01-2005 | |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി.4/247/2008 തീയതി30-06-2009 | |
| 2001-02(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.4/447/2005 തീയതി.17-12-2005 | |
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.4/649/2003 തീയതി.14-01-2005 | |
| 2002-03(വരവ്) | എൽ.എഫ്.പി.റ്റി.എ.പി.4/248/2008 തീയതി.31-07-09 | |
| 2002-03(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.4/405/2007 തീയതി.26-03-2008 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി. 8/249/2008തീയതി.30-06-2009 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.5/754/2008 തീയതി.07-02-2010 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.6/755/2008 തീയതി.07-07-2010 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.8/23/2011 തീയതി.07-01-2013 | 31 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.8/24/2011 തീയതി.08-012013 | |
| 2008-09 മുതൽ 2011-12വരെ | എൽ.എഫ്.പി.റ്റി.എ.പി.6/97/2013 തീയതി.09-05-2013 | |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി.6/115/14 തീയതി.20-03-15/31-07-15 | |

| | | |
|---|---|---|
| 2013-14,2014-15 | എൽ.എഫ്.പി.റ്റി.എ.പി.11/1151/146<br>തീയതി.05-06-16 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

(എ). ചാർജ്/ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

-----------------ഇല്ല-----------------

(ബി) ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

---------------ഇല്ല-------------------

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല